പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2050 — 08.12.2014 ൽ മറുപടിക്ക്

സേഫ് കാമ്പസ് ക്ലീൻ കാമ്പസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ. ബഷീർ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സേഫ് കാമ്പസ് ക്ലീൻ കാമ്പസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാഭ്യാസആഭ്യന്തര വകുപ്പുകൾ സംയുക്തമായി നടത്തിയ പരിപാടിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. സ്കൂൾ കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ലഹരി മാഫിയകളെ ഇല്ലാതാക്കുക, വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗവും പ്രചരണവും ഇല്ലാതാക്കുക, ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക, ലഹരി രഹിതവും സുരക്ഷിതവുമായ കാമ്പസ് അന്തരീക്ഷം സൃഷ്ടിക്കുക അതുവഴി ആരോഗ്യവും അച്ചടക്കവും രാജ്യസ്നേഹവും, സാമൂഹ്യബോധവും കർമ്മോന്മുഖമായ ഒരു പുതുതലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടു കൂടി ഈ പദ്ധതി മുന്നോട്ട് പോകുന്നുണ്ട്. COTPA Act, NDPS Act, Kerala Abkari Act, Kerala Police Act, Juvenile Justice Act, Protection of Children from Sexual Offences Act തുടങ്ങിയ നിയമങ്ങൾ ശക്തമായി നടപ്പാക്കുന്നതും, പ്രത്യേകിച്ചും സ്കൂൾ കോളേജ് പരിസരങ്ങളിൽ നടപ്പിലാക്കുന്നതിന് ഈ പദ്ധതി വളരെയധികം സഹായിക്കുന്നുണ്ട്. |
| (ബി) സ്കൂൾ കുട്ടികളുടെ ഇടയിൽ കണ്ടു വരുന്ന അനാശാസ്യമായ പ്രവണതകൾ, ലഹരിമരുന്നുപയോഗം എന്നിവ തടയുന്നതിന് പ്രസ്തുത പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) ഉണ്ട്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലഹരി മാഫിയകളെ കണ്ടെത്തുന്നതിനായി വിദ്യാലയ പരിസരങ്ങളിൽ റെയ്ഡുകൾ നടത്തിയും, സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെയും സ്കൂൾ ജാഗ്രതാ സമിതികളുടെയും സഹായത്തോടെ ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിനായി |

വിദ്യാലയങ്ങളിൽ പരിശോധനകൾ നടത്തിയും കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപ്പന സംബന്ധിച്ച വിവര ശേഖരണത്തിന് ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതിയുടെ സ്കൂൾ ലവൽ മോണിറ്ററിംഗ് കമ്മിറ്റി, ഷാഡോ പോലീസ്, സ്കൂൾ ജാഗ്രതാ സമിതി, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ